പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2009 16.02.2016-ൽ മറുപടിയ്ക്ക്

## ദേശീയ ഗെയിംസിൽ അഴിമതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എ.കെ.ശശീന്ദ്രൻ | | **ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി)** | |
| (എ) | ദേശീയ ഗെയിംസിൽ അഴിമതിയെന്നുള്ള ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഇല്ല. |
| (ബി) | കായിക-കായികേതര ഉപകരണങ്ങൾ സമാഹരിക്കുന്നതിൽ 1.13 കോടിയുടെ അധികച്ചെലവും രണ്ടു ലക്ഷം രൂപയുടെ നഷ്ടവും ഉണ്ടായെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) | ഇത്തരം പരാതികളൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ സംസ്ഥാന ആഡിറ്റ് വകുപ്പ് സമർപ്പിച്ച ഓഡിറ്റ് റിപ്പോർട്ടിൽ ദേശീയ ഗെയിംസ് നടത്തിപ്പിനുള്ള കായിക-കായികേതര ഉപകരണങ്ങൾ സമാഹരിക്കുന്നതിനായി 2 ലക്ഷം രൂപയുടെ നഷ്ടവും 1.13 കോടി രൂപയുടെ അധികച്ചെലവും ഉണ്ടായതായി പരാമർശിച്ചിട്ടുണ്ട്. എന്നാൽ ഈ പരാമർശങ്ങൾ വസ്തുതാപരമല്ലെന്നും റിപ്പോർട്ടിൽ പരാമർശിക്കുന്നതുപോലെ അധികച്ചെലവോ നഷ്ടമോ ഉണ്ടായിട്ടില്ലെന്നും ദേശീയ ഗെയിംസ് സെക്രട്ടേറിയറ്റ് അറിയിച്ചിട്ടുണ്ട്. |
| (സി) | ഇക്കാര്യത്തിൽ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ ആരാണ്; അവരുടെ പേരിൽ എന്തു നടപടി സ്വീകരിച്ചു ; | (സി) | ഉദ്യോഗസ്ഥർക്കെതിരെ നടപടിയെടുക്കേണ്ട സാഹചര്യം ഉണ്ടായിട്ടില്ല. |
| (ഡി) | കെട്ടിടനിർമ്മാണത്തിൽ അപാകതകൾ, സാധ്യതാപഠനം നടത്താതെയുള്ള സ്ഥലമെടുപ്പ്, എസ്റ്റിമേറ്റ്, ക്വട്ടേഷൻ നിരക്കുകളിൽ വ്യത്യാസം | (ഡി) | ഉണ്ട്. 35-ാം ദേശീയ ഗെയിംസ് 2010-ൽ സംസ്ഥാനത്ത് നടത്താമെന്ന പ്രതീക്ഷയിലാണ് ഹോസ്റ്റ് സിറ്റി കോൺട്രാക്ടിൽ സംസ്ഥാനം ഒപ്പുവച്ചത്. എന്നാൽ 34-ാം ദേശീയ |

| | |
|---|---|
| എന്നിവ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ ഒരു സമഗ്ര അന്വേഷണം നടത്താൻ നടപടി സ്വീകരിക്കുമോ ? | ഗെയിംസ് സംഘടിപ്പിക്കുന്നതിലെ അനിശ്ചിതത്വം കാരണം 35-ാം ദേശീയ ഗെയിംസും നീണ്ടുപോവുകയാണുണ്ടായത്. ദേശീയ ഗെയിംസുപോലെ വിപുലമായ കായികമേള സംഘടിപ്പിക്കുന്നതിന് കൃത്യമായ തീയതി നാലുവർഷം മുമ്പെങ്കിലും പ്രഖ്യാപിക്കേണ്ടതുണ്ട്. എന്നാൽ 35-ാം ദേശീയ ഗെയിംസിന്റെ തീയതി മേളയ്ക്ക് 7 മാസം മുമ്പു മാത്രമാണ് പ്രഖ്യാപിക്കപ്പെട്ടത്. അതുകൊണ്ട് നിർമ്മാണപ്രവർത്തനങ്ങൾ ശരിയായി ആസൂത്രണം ചെയ്യുവാനോ ഉചിതമായ സാങ്കേതികമികവുള്ള വേദികൾ നിശ്ചയിക്കുവാനോ ഉള്ള സാവകാശം ലഭിച്ചില്ല. എങ്കിലും 2010-11 മുതൽ അപ്പോഴത്തെ സാഹചര്യങ്ങൾ ഉപയോഗപ്പെടുത്തി വേദികളുടെ നിർമ്മാണം ആരംഭിക്കുകയാണുണ്ടായത്. നിർമ്മാണം നടന്നുവരവേ മുൻകൂട്ടി കാണാൻ കഴിയാത്ത പല പ്രതിബന്ധങ്ങളും നേരിടുകയും അവ യഥോചിതം പരിഹരിക്കേണ്ടത് ഗെയിംസ് തൃപ്തികരമായി നടത്താൻ അനിവാര്യമായിത്തീരുകയും ചെയ്തു. തന്മൂലം എസ്റ്റിമേറ്റിനങ്ങളിൽ ഒഴിവാക്കാനാകാത്ത ചില മാറ്റങ്ങൾ വരുത്തേണ്ടിവന്നിട്ടുണ്ട്. തികച്ചും സങ്കീർണ്ണമായ എല്ലാ നിർമ്മാണപ്രവർത്തനങ്ങളിലും ഇത്തരം സാഹചര്യങ്ങൾ സ്വാഭാവികമാണ്. ഇത്തരം പ്രതിബന്ധങ്ങൾ ഉണ്ടായെങ്കിലും 2010-11-ൽ സർക്കാർ അംഗീകരിച്ച ബഡ്ജറ്റിനുള്ളിൽനിന്നുതന്നെ ഭൂരിഭാഗം നിർമ്മാണ പ്രവർത്തനങ്ങളും പൂർത്തിയാക്കിയിട്ടുണ്ട്. |

Mary M

സെക്ഷൻ ഓഫീസർ